സിറാജ്
Siraj Malayalam Daily

# അയൽനാട്ടിൽ നിന്നുള്ള മീനിന്റെ ലഭ്യതയിൽ വർധനവ്

> കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് പഠനം നടത്തിയത്



**കൊച്ചി:** മലയാളികളുടെ നിത്യ ഭക്ഷണത്തിന്റെ പ്രധാന ഭാഗമായ മീനുകളുടെ വില കഴിഞ്ഞ വർഷം കുറഞ്ഞുവെന്ന് പഠനം. കേരളത്തിലെ മത്സ്യഉപഭോഗത്തിന്റെ 40 ശതമാനം മത്സ്യം ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നതെന്നും കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി എം എഫ് ആർ ഐ) നടത്തിയ പഠനം വ്യക്തമാക്കുന്നു. പുറം സംസ്ഥാനങ്ങളിൽ നിന്ന് മീൻ വരുന്നതാണ് കേരളത്തിൽ മത്സ്യവില കുറയാൻ പ്രധാന കാരണം.

സംസ്ഥാനത്ത് ആഭ്യന്തര മത്സ്യ ലഭ്യതയും ആവശ്യക്കാരുടെ എണ്ണവും തമ്മിലുള്ള അന്തരം ദൈനംദിനം വർധിച്ചുവരികയാണെന്നും പഠനം വെളിപ്പെടുത്തുന്നു. സംസ്ഥാനത്തെ മത്സ്യമേഖലയിലെ പ്രതിസന്ധിയാണ് പഠനം സൂചിപ്പിക്കുന്നത്. സി എം എഫ് ആർ ഐ യിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ശ്യാം എസ് സലീമും സംഘവുമാണ് മീനുകളുടെ വിപണനവും പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യങ്ങളുടെ കണക്കും പഠനം നടത്തിയത്. മുൻവർഷത്തെ അപേക്ഷിച്ച് 15 മുതൽ 20 ശതമാനം വരെ മത്സ്യവിലയിൽ കുറവുണ്ടായെന്നാണ് പഠനത്തിൽ പറയുന്നത്. 2014 നെ അപേക്ഷിച്ച് 2015ൽ മീൻവിലയിൽ 35 ശതമാനം വർധനവ് ഉണ്ടായിരുന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോഴാണ് കഴിഞ്ഞവർഷം മീൻവിലയിൽ കുറവ് വന്നതായി കണ്ടെത്തിയത്.

കടലിൽ നിന്നുള്ള ലഭ്യതയിൽ കുറവുണ്ടായ മത്സ്യങ്ങളുടെ വിലയും കുറഞ്ഞിട്ടുണ്ട്. അയലയുടെ വിലയിലാണ് ഏറ്റവും കുറവുണ്ടായത്. 30.6 ശതമാനം. കേരളീയരുടെ ഇഷ്ടമത്സ്യങ്ങളായ മത്തി, അയല, കൊഴുവ, ശീലാവ്, കിളിമീൻ എന്നി മത്സ്യങ്ങളുടെ വില മൊത്തത്തിൽ 20.7 ശതമാനം കുറഞ്ഞു. സംസ്ഥാനത്തെ ആഭ്യന്തര മത്സ്യലഭ്യത ആവശ്യത്തിലും വളരെ കുറവായിട്ടും മത്സ്യവിലയിൽ വർധനവുണ്ടാകാത്തതിന്റെ കാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മീനുകളുടെ വരവാണെന്ന് സിഎംഎഫ്ആർഐ കണ്ടെത്തി. സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിന്റെ 60 ശതമാനം മാത്രം മത്സ്യമാണ് കേരളത്തിൽ നിന്ന് ലഭിക്കുന്നത്. ബാക്കി വരുന്ന 40 ശതമാനം മത്സ്യം കർണാടക, തമിഴ്നാട്, ഗോവ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ എന്നി സംസ്ഥാനങ്ങളിൽ നിന്നാണ്. 2035 ഓടെ 50 ശതമാനം മത്സ്യവും ഇതര സംസ്ഥാനത്ത് നിന്ന് എത്തേണ്ട സ്ഥിതിയിലേക്ക് കേരളമെത്തുമെന്നും പഠനം സൂചിപ്പിക്കുന്നു. ഒരു ദിവസം ശരാശരി 2000 മുതൽ 2500 ടൺവരെയാണ് കേരളത്തിലെ മത്സ്യ ഉപഭോഗം. ഇതിൽ 1000-1200 ടൺ മത്സ്യം ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നത്. എന്നാൽ, മീൻ കുറവ് വരുന്ന മൺസൂണിന് മുമ്പുള്ള മാസങ്ങളിൽ (ജനുവരി-മാർച്ച്) 60 ശതമാനം മത്സ്യവും പുറം സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നതെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 20 മൊത്തമത്സ്യ വ്യാപാര കേന്ദ്രങ്ങളിൽ പ്രതിദിനം വിറ്റഴിക്കപ്പെടുന്നത് ശരാശരി 1000-1200 ടൺ മത്സ്യമാണെന്ന് സി എം എഫ് ആർ ഐ പഠനത്തിൽ കണ്ടെത്തി. ഇതിൽ, ഈ വർഷം ഫെബ്രുവരി മാസത്തിൽ ഒരു ദിവസം ശരാശരി 650 മുതൽ 700 ടൺ വരെ മത്സ്യം പുറം സംസ്ഥാനങ്ങളിൽ നിന്നാണ് വന്നതെന്നും പഠനം വ്യക്തമാക്കുന്നുണ്ട്.